പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4201 13.12.2018 ലെ മറുപടിക്ക്

**കയർ ഭൂവസ്ത്രം വിരിക്കുന്നതിന് സാങ്കേതികാനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| ശാസ്താംകോട്ട ഹരിതതീരം പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം വിരിക്കുന്നതിന് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം മണ്ണ് പര്യവേക്ഷണ,മണ്ണ് സംരക്ഷണ ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമാക്കാമോ? | ശാസ്താംകോട്ട ഹരിതതീര പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും പരിശോധിക്കുന്ന വേളയിൽ അതിൽ ഉൾപ്പെടുത്തിയിരുന്ന കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിയുടെ സാങ്കേതിക സാധ്യതയെക്കുറിച്ചുള്ള ഫീൽഡ്തല പരിശോധന ആവശ്യമായി തോന്നിയതിനാൽ പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ഒഴിവാക്കിയാണ് 31/10/2018-ൽ മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും സാങ്കേതികാനുമതി നൽകിയത്. തുടർന്ന് ഫീൽഡ്തല പരിശോധന നടത്തുകയും കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് ആവശ്യമില്ല എന്ന് മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ് വിലയിരുത്തുകയും ചെയ്തിട്ടുണ്ട് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ